മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

04.01.2024

അന്നദാനമണ്ഡപത്തിലും തിരക്കേറുന്നു: ദേവസ്വംബോർഡിന്റെ അന്നദാനത്തിൽ പങ്കെടുത്തത് എട്ടര ലക്ഷം തീർത്ഥാടകർ



ശബരിമല: മകര വിളക്കുത്സവത്തിന്റെ ഭാഗമായി സന്നിധാനത്ത് തീർത്ഥാടകരുടെ തിരക്ക് വർധിച്ചതനുസരിച്ച് അന്നദാനത്തിനും തിരക്കേറി. മണ്ഡലകാലം തുടങ്ങി മകരവിളക്കുത്സവ കാലമായ ജനുവരി 4 വരെ എട്ടര ലക്ഷം തീർത്ഥാടകരാണ് ദേവസ്വംബോർഡിന്റെ അന്നദാനത്തിൽ പങ്കെടുത്ത് വിശപ്പകറ്റിയത്. മൂന്ന് ഇടവേളകളോടെ 24മണിക്കൂറും അന്നദാനം നടക്കുന്നുണ്ട്. രാവിലെ ഏഴുമണിമുതൽ 11 മണിവരെയാണ് പ്രഭാതഭക്ഷണം. ഉപ്പുമാവ്, കടലക്കറി, ചുക്ക്കാപ്പി എന്നിവയാണ് വിഭവങ്ങൾ. ഉച്ചയ്ക്ക് 12മുതൽ മൂന്നുവരെയാണ് ഉച്ചഭക്ഷണം. വെജിറ്റബിൾ പുലാവ് , സാലഡ് അല്ലെങ്കിൽ വെജിറ്റബിൾ കറി, അച്ചാർ ചുക്ക് വെള്ളം എന്നിവയാണ് വിഭവങ്ങൾ. കഞ്ഞി., ചെറുപയർ, അച്ചാർ

ഉൾപ്പടെയുള്ള രാത്രി ഭക്ഷണം വൈകീട്ട് 7മുതൽ രാത്രി 12വരെ വിളമ്പും. സൗജന്യമാണ് ഭക്ഷണ വിതരണം.

പൂർണമായും അത്യാധുനിക സംവിധാനങ്ങളോടെയുള്ള പാചകസംവിധാനങ്ങളാണ് അന്നദാനമണ്ഡപത്തിൽ ഒരുക്കിയിരിക്കുന്നത്. ഗ്യാസ് ഉപയോഗിച്ചാണ് പാചകം. പാത്രം കഴുകുന്നതിനുള്ള ഓട്ടോമാറ്റിക് ഡിഷ്‌വാഷ് സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ശുചിത്വത്തിന് മുഖ്യപ്രധാന്യം നൽകിയാണ് അന്നദാനമണ്ഡപത്തിന്റെ പ്രവർത്തനം . ഒരുസമയം രണ്ടായിരം പേരെ ഉൾകൊള്ളാൻ സൗകര്യം ഉണ്ടെങ്കിലും തിരക്കൊഴിവാക്കുന്നതിനും ശുചീകരണം വേഗത്തിൽ ചെയ്യുന്നത്തിനുമായി 1600പേർക്ക് ഭക്ഷണം വിളമ്പുന്നതിനുള്ള ക്രമീകരണമാണിപ്പോൾ ഒരുക്കിയിട്ടുള്ളത്. ഒരു ദിവസം ശരാശരി 22000 പേർവരെ ഭക്ഷണം കഴിക്കുന്നുവെന്നാണ് കണക്കുകൾ വ്യക്തമാകുന്നത്. മകരവിളക്കിന് തിരക്കേറുന്നതോടെ പ്രതിദിനം മുപ്പതിനായിരത്തോളം പേരെയെങ്കിലും ഉൾക്കൊള്ളിക്കാൻ കഴിയും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർ വിനോദ്കുമാർ, അന്നദാനം സ്പെഷ്യൽ ഓഫീസർ, രണ്ട് അസി. ഓഫിസർമാർ എന്നിവർക്കാണ് മേൽനോട്ടച്ചുമതല. ഇവർക്ക് കീഴിൽ 30 ദേവസ്വം ജീവനക്കാരും 40 പാചകക്കാരും 180 നിത്യവേതനക്കാരുമുൾപ്പെടെ 250 പേർ മൂന്ന് ഊഴങ്ങളിലായി അന്നദാനമണ്ഡപത്തിലെ കാര്യങ്ങൾ നോക്കുന്നു. ഹരിപ്പാട് കരുവറ്റ സ്വദേശിയായ ആർ. പത്മനാഭൻനായരുടെ നേതൃത്വത്തിലുള്ള സംഘമാണ് ഭക്ഷണം പാചകം ചെയ്യുന്നത്. കഴിഞ്ഞ ഇരുപത് വർഷമായി ശബരിമല സന്നിധാന അന്നദാനമണ്ഡപത്തിലെ പാചകത്തിന്റെ ചുമതലക്കാരനാണിദ്ദേഹം.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

04.01.2024

സന്നിധാനത്ത് പരിശോധന കർശനമാക്കി ജില്ലാ കലക്ടർ




മകരവിളക്ക് മഹോത്സവത്തിന്റെ മുന്നോടിയായി തുടർച്ചയായി രണ്ടാം ദിനവും സന്നിധാനത്ത് കർശന പരിശോധനയുമായി ജില്ലാ കലക്ടർ. പത്തനംതിട്ട ജില്ലാ കലക്ടർ എ ഷിബുവിന്റെ നേതൃത്വത്തിലായിരുന്നു സംയുക്ത സ്‌ക്വാഡ് പരിശോധന നടത്തിയത്. സന്നിധാനം, പാണ്ടിത്താവളം എന്നിവിടങ്ങളിൽ തീർത്ഥാടകർക്കൊരുക്കിയ സൗകര്യങ്ങളും കലക്ടർ വിലയിരുത്തി.

ഹോട്ടലുകളിലും കടകളിലും നടത്തിയ പരിശോധനയിൽ ശുചിത്വമില്ലായ്മ, ഗുണമേന്മയില്ലാത്ത ഭക്ഷണ വിതരണം, അമിത വിലയീടാക്കൽ എന്നിവ കലക്ടറുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നു പിഴയൊടുക്കാനുള്ള നോട്ടീസ് നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ഇതിന്റെ ഭാഗമായി മൂന്നു കടകൾക്ക് നോട്ടീസ് നൽകി. സർക്കാർ നിർദേശിച്ച നിരക്കിലാണ് ഭക്ഷ്യവസ്തുക്കൾ ഭക്തർക്ക് ലഭ്യമാകുന്നതെന്ന് ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായിട്ടായിരുന്നു കലക്ടറുടെ നേതൃത്വത്തിലുള്ള ഹോട്ടൽ പരിശോധന.

സ്റ്റീൽ പാത്രങ്ങളിൽ വില വിവരം രേഖപ്പെടുത്താനും ഹോട്ടലുകളിൽ ഗ്യാസ് കുറ്റികൾ കൂട്ടത്തോടെ വെക്കാതിരിക്കാനും ശ്രദ്ധ വേണമെന്ന് ജില്ലാ കലക്ടർ നിർദ്ദേശിച്ചു.അന്നദാന മണ്ഡപത്തിലെ പാചകശാലയിലെ ക്രമീകരണങ്ങളും ജില്ലാ കലക്ടർ നേരിട്ട് വിലയിരുത്തി.

ഡെപ്യൂട്ടി തഹസിൽദാർമാരായ ബി പ്രദീപ്, സുനിൽ കുമാർ എന്നിവരുടെ നേതൃത്വത്തിൽ റവന്യു, ലീഗൽ മെട്രോളജി, സിവിൽ സപ്ലൈസ്, ആരോഗ്യം എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡും കലക്ടറോടൊപ്പം പരിശോധനയിൽ പങ്കെടുത്തു.

ശബരിമലയിലെ 05.01.2024 ലെ ചടങ്ങുകൾ

.............

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് .... പതിവ് അഭിഷേകം

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11.30 മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

12 ന് 25 കലശാഭിഷേകം തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് നട അടയ്ക്കും

3 മണിക്ക് നട തുറക്കും

6.30 ന് ദീപാരാധന

9.30 ന് അത്താഴ പൂജ

10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ

പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

04.01.2024

പ്രസ് റിലീസ് - 04

## മകരവിളക്ക് മഹോത്സവത്തിനു 800 ബസുകൾ സർവീസ് നടത്തും: ഗതാഗത മന്ത്രി കെ.ബി ഗണേഷ് കുമാർ

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് 800 ബസുകൾ സംസ്ഥാനത്തുടനീളം സർവീസ് നടത്തുമെന്നു ഗതാഗത മന്ത്രി കെ.ബി.ഗണേഷ് കുമാർ പറഞ്ഞു. പമ്പ ശ്രീരാമസാകേതം ഓഡിറ്റോറിയത്തിൽ ചേർന്ന ഗതാഗത വകുപ്പുദ്യോഗസ്ഥരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. നിലയ്ക്കൽ ബസ് സ്റ്റാൻഡിൽ ഭക്തർക്ക് തിക്കും തിരക്കുമില്ലാതെ ബസ് യാത്ര നടത്തുന്നതിനായി നിർത്തിയിട്ടിരിക്കുന്ന ബസിൻ്റെ ഡോറിലൂടെ ഉള്ളിലേക്ക് കയറുന്നതിനായി  നാലു ബാരിക്കേഡുകൾ സ്ഥാപിക്കും. പമ്പയിലും ഇതേ മാതൃകയിൽ ബാരിക്കേഡുകൾ സ്ഥാപിക്കും. പമ്പയിൽ നിന്നും ആരംഭിക്കുന്ന ദീർഘദൂര ബസുകളിൽ ആളുകൾ നിറഞ്ഞു കഴിഞ്ഞാൽ അവ നിലയ്ക്കൽ ബസ് സ്റ്റാൻ്റിൽ കയറേണ്ടതില്ല. ബസിൽ ആളു നിറഞ്ഞിട്ടില്ലെങ്കിൽ ബസുകൾ നിർബന്ധമായും നിലയ്ക്കലിൽ കയറണം. നിലയ്ക്കലിലേക്ക് പോകുന്ന ഭക്തജനങ്ങൾ പരമാവധി ചെയിൻ സർവീസുകൾ ഉപയോഗപ്പെടുത്തണം. ഇവ ജനങ്ങളിലെത്തിക്കുന്നതിന് വിവിധ ഭാഷകളിൽ ബോർഡുകൾ സ്ഥാപിക്കും. അനൗൺസ്മെൻ്റ് സൗകര്യവും ഒരുക്കും. ദേവസ്വം ബോർഡ് നിലയ്ക്കലിലെ റോഡുകളിലെ കുഴികൾ അടിയന്തിരമായി അടയ്ക്കണം. എരുമേലി, പത്തനംതിട്ട എന്നിവിടങ്ങളിൽ നിന്നും എത്തുന്ന കെ എസ് ആർ ടി സി ബസുകൾ തിരക്കുകളിൽ പിടിച്ചിടരുത്. ബസ് വന്നെങ്കിൽ മാത്രമേ തിരക്കു നിയന്ത്രിക്കാനാവൂ. അത്തരം സാഹചര്യമുണ്ടായാൽ പോലീസ് മോട്ടോർ വാഹന വകുപ്പിൻ്റെ സഹായത്തോടെ വാഹനം പോകുന്നതിനു അവസരമൊരുക്കണം. കെ.എസ് ആർ ടി സി ഡ്രൈവർമാർക്കും, ദീർഘദൂര ബസുകളിലെ ഡ്രൈവർമാർക്കും വിശ്രമിക്കുന്നതിനുള്ള സൗകര്യമൊരുക്കുമെന്നും മന്ത്രി പറഞ്ഞു. ഇലവുങ്കൽ സേഫ് സോൺ, നിലയ്ക്കൽ, പമ്പ കെ എസ് ആർ ടി സി ബസ് സ്റ്റാൻ്റ് എന്നിവിടങ്ങളിൽ മന്ത്രി കെ.ബി.ഗണേഷ് കുമാർ സന്ദർശനം നടത്തി.

എം എൽ എ മാരായ അഡ്വ.പ്രമോദ് നാരായൺ ,അഡ്വ.കെ.യു.ജനീഷ് കുമാർ, ട്രാൻസ്പോർട്ട് കമീഷണർ എസ് ശ്രീജിത്ത്, ഡിഐജി തോംസൺ

ജോസ്, അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമീഷണർ പ്രമേജ് ശങ്കർ, ജില്ലാ കളക്ടർ എ.ഷിബു, ജില്ലാ പോലീസ് മേധാവി വി അജിത്ത്, ശബരിമല എഡിഎം തുടങ്ങിയവർ പങ്കെടുത്തു.